സാംസ്കാരിക സ്ഥാപനങ്ങൾ സർക്കാരിൽനിന്ന് കിട്ടുന്ന സാമ്പത്തിക സഹായം വിനിയോഗിക്കുന്നതിലെ ക്രമക്കേട്

155 [3856] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാംസ്കാരിക സ്വയംഭരണ സ്ഥാപനങ്ങളായ സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, സംഗീതനാടക അക്കാദമി, ലളിതകലാ അക്കാദമി, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള കലാമണ്ഡലം എന്നീ സ്ഥാപനങ്ങൾ സർക്കാരിൽ നിന്നു കിട്ടുന്ന സാമ്പത്തിക സഹായം വിനിയോഗിക്കുന്നതിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്:

1996-1997 കാലഘട്ടത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ കാഷ്യറായി ജോലി നോക്കിവന്നിരുന്ന ശ്രീ. കെ. രാമചന്ദ്രൻ നായരെ പണാപഹരണം നടത്തിയതിന് സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിരുന്നു.

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്:

1995-1997 കാലഘട്ടത്തിൽ സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ കാഷ്യറായിരുന്ന ശ്രീ. മോഹനചന്ദ്രൻ പണാപഹരണം നടത്തിയതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. 21-2-2002-ൽ അദ്ദേഹം മരണമടഞ്ഞു.

മറ്റു സ്ഥാപനങ്ങളിൽ നടന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

സിനിമാ തീയേറ്ററുകൾ

156 [3857] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സിനിമാ തീയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന കണക്ക് ലഭ്യമാക്കുമോ; ജില്ലയും ക്ലാസ്സും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly